# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4266</u> <u>27.06.2013 -ലെ മറുപടിക്ക്.</u>

## <u>പുതിയ ഹയർ സെക്കന്ററി സ്കൂൾ</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു: വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര സ്കൂളുകൾക്ക് ഹയർ സെക്കന്ററി പുതുതായി ഈ വർഷം അനുവദിച്ചു എന്നു പറയാമോ; എപ്രകാരമുളള സ്കൂളുകൾക്കാണ് ഹയർ സെക്കന്ററി അനുവദിച്ചതെന്നു വ്യക്തമാക്കുമോ; | (എ) | 2013 -14 അധ്യയനവർഷത്തിൽ പുതിയ ഹയർസെക്കന്ററി കോഴ്സുകളോ ബാച്ചുകളോ ഇതുവരെ അനുവദിച്ചിട്ടില്ല. |
| (ബി) ഹയർ സെക്കന്ററി പുതുതായി അനുവദിക്കാൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നു എന്നു വ്യക്തമാക്കുമോ ; | (ബി) | പുതുതായി ഹയർസെക്കന്ററി കോഴ്സുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 11/06/2013 ലെ സർക്കാർ ഉത്തരവ് (കൈ) നം.185/13/ പൊ.വി പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. |
| (സി) പുതുതായി ഹയർ സെക്കന്ററി അനുവദിച്ച സ്കൂളുകളുടെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (സി)<br>&<br>(ഡി) | (എ) യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) ആലപ്പുഴ ജില്ലയിൽ സർക്കാർ മേഖലയിലുളള ഏതെല്ലാം സ്കൂളുകൾക്കും എയ്ഡഡ് മേഖലയിലെ ഏതെല്ലാം സ്കൂളുകൾക്കുമാണ് പുതിയ ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ചതെന്ന് പറയാമോ ; | | |

| | | | |
|---|---|---|---|
| (ഇ) | ചേർത്തല താലൂക്കിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഹയർ സെക്കന്ററി ബാച്ചുകൾ പുതുതായി അനുവദിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ള സ്കൂളുകൾ ഏതെല്ലാമെന്നു പറയാമോ; ഇവയിൽ ഏതെല്ലാം സ്കൂളുകൾക്കാണ് പുതുതായി ഹയർ സെക്കന്ററി ബാച്ച് അനുവദിക്കുന്നത് എന്നു വ്യക്തമാക്കുമോ? | (ഇ) | ഹയർസെക്കന്ററി ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാനതീയതി 28/06/2013 ആണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

Sectt. 37 3/66/2013/20 Law. GPM & Gen. of Lead

GOVERNMENT OF KERALA

സംഗ്രഹം

പൊതുവിദ്യാഭ്യാസം - ഹയർസെക്കന്ററി വിദ്യാഭ്യാസം - സംസ്ഥാനത്ത് പുതിയ ഹയർസെക്കന്ററി സ്കൂളുകളും അധിക ബാച്ചും അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ. (കൈ.) നം. 185 /2013/പൊവി തീയതി, തിരുവനന്തപുരം 11/06/2013

## ഉത്തരവ്

[redacted]ത്ത് ഹയർസെക്കന്ററി പഠനത്[redacted] സൗകര്യം ഏർപ്പെടുത്തണമെന്ന് നിരവധി കോണുകളിൽനിന്ന് ഉന്നയിക്കപ്പെടുന്ന ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്ത് ഒട്ടാകെ 148 ഗ്രാമപഞ്ചായത്തുകളിൽ ഹയർസെക്കന്ററി സ്കൂളുകൾ സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ഇപ്പോൾ നിലവിലില്ല. ഈ ഗ്രാമപഞ്ചായത്തുകളിൽ ഹയർസെക്കന്ററി പഠനത്തിന് കുട്ടികൾ ശരിക്കും ബുദ്ധിമുട്ടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ എറണാകുളം മുതൽ വടക്കോട്ടുള്ള എട്ട് ജില്ലകളിൽ (എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോട്) പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തതയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലാകമാനം ഇപ്രകാരം ഒരു ബാച്ചിൽ 50 കുട്ടികൾ എന്ന ക്രമത്തിൽ 678 ബാച്ചുകളുടെ അപര്യാപ്തതയാണ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

(2) മേൽ സാഹചര്യത്തിൽ ഹയർസെക്കന്ററി സ്കൂളുകൾ ഇല്ലാത്ത സംസ്ഥാനത്തെ 148 ഗ്രാമപഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ ഒരു സ്കൂളിൽ സയൻസ് ,കൊമേഴ്സ് എന്നിവയ്ക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് രണ്ടു ബാച്ചുകൾ വീതം 296 ബാച്ചുകൾ അനുവദിക്കാനും അവശേഷിക്കുന്ന 382 ബാച്ചുകൾ എറണാകുളം മുതൽ വടക്കോട്ടുള്ള ടി എട്ട് ജില്ലകളിൽ പ്ലസ് ടു പഠനത്തിനുള്ള സീറ്റുകളുടെ അപര്യാപ്തതയും, അടിസ്ഥാനസൗകര്യങ്ങളും, എസ്.എസ്.എൽ.സി പാസ്സായ കുട്ടികളുടെ എണ്ണം കണക്കിലെടുത്തും നിലവിലുള്ള ഗവൺമെന്റ്/എയ്ഡഡ് ഹൈസ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് രണ്ട് ബാച്ചുകൾ വീതം അനുവദിക്കുന്നതിനും

നിലവിലുള്ള [illegible] ഹയർസെക്കന്ററി സ്കൂളുകളിൽ ഒരു സ്കൂളിൽ ഒരോ അധികബാച്ച് എന്ന ക്രമത്തിൽ അധിക ബാച്ച് അനുവദിക്കുന്നതിനും (ആകെ ബാച്ചുകൾ 678 (296+382) ) അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) അപേക്ഷകൾ ക്ഷണിക്കേണ്ടത് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കണം.

1. ഹയർസെക്കന്ററി കോഴ്സുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ പുതുതായി ഹയർസെക്കന്ററി കോഴ്സുകൾ അനുവദിക്കേണ്ടത് സയൻസ്,കൊമേഴ്സ് വിഷയങ്ങൾക്ക് മുൻഗണന നൽകി ഓരോ വിഷയത്തിൽ ഓരോ ബാച്ചുകൾ വീതം ആയിരിക്കണം. താഴെപ്പറയുന്ന മുൻഗണനാ ക്രമത്തിലായിരിക്കണം നിലവിലുള്ള ഹൈസ്കൂളുകൾ ഹയർസെക്കന്ററി സ്കൂളുകൾ ആയി ഉയർത്തേണ്ടത്.
   i. ഗവൺമെന്റ് ഹൈസ്കൂൾ
   ii. കോർപ്പറേറ്റ് മാനേജ്മെന്റ് നടത്തുന്ന എയ്ഡഡ് ഹൈസ്കൂളുകൾ.
   iii. വ്യക്തിഗത/ട്രസ്റ്റ് മാനേജ്മെന്റുകൾ നടത്തുന്ന എയ്ഡഡ് ഹൈസ്കൂളുകൾ.
2. നിലവിലുള്ള ഹയർസെക്കന്ററി സ്കൂളുകളിൽ അധികബാച്ച് അനുവദിക്കുന്നതും മേൽ വിവരിച്ച മുൻഗണനാ ക്രമത്തിൽ ആയിരിക്കും.
3. ഹയർസെക്കന്ററി [redacted]ികബാച്ചുകൾ അനുവദിക്കുമ്പോൾ [redacted] കൂടുതൽ സീറ്റുകൾ [redacted] വരുന്ന റവന്യൂ ജില്ലയ്ക്കായിരിക്കും മുൻഗണന നൽകുക.
4. സർക്കാർ മേഖലയിൽ ഹയർസെക്കന്ററി കോഴ്സുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഹെഡ് മാസ്റ്റർമാർ സമർപ്പിക്കേണ്ടതാണ്. എയ്ഡഡ് മേഖലയിൽ ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട സ്കൂൾ മാനേജർമാർ സമർപ്പിക്കേണ്ടതാണ്.
5. അപേക്ഷകൾ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിക്കുന്ന മാതൃകയിലുള്ള ഫാറത്തിൽ സമർപ്പിക്കേണ്ടതാണ്.
6. അപേക്ഷകൾ ബന്ധപ്പെട്ട ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഹയർസെക്കന്ററി ഡയറക്ടർക്ക് പ്രിൻസിപ്പൽമാർ/ മാനേജർമാർ സമർപ്പിക്കേണ്ടതാണ്.
7. എയ്ഡഡ് ഹൈസ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ സംസ്ഥാന ട്രഷറിയിൽ 0202-01-102-97 (03) other receipts എന്ന് അക്കൗണ്ട് ഹെഡിൽ 500/- രൂപ അപേക്ഷ ഫീസായി അടച്ചതിന്റെ ചലാൻ സഹിതം സമർപ്പിക്കേണ്ടതാണ്. സർക്കാർ സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾക്ക് ഫീസുണ്ടായിരിക്കുന്നതല്ല.
8. അപേക്ഷകർ സയൻസ്, കൊമേഴ്സ് വിഭാഗങ്ങളിൽ നിന്ന് നിലവിലുള്ള

കോമ്പിനേഷനുകൾ തെരഞ്ഞെടുക്കേണ്ടതാണ്.

9. അപേക്ഷകസ്കൂളിന് താഴെപ്പറയുന്ന ഭൗതിക സൗകര്യങ്ങൾ ഉണ്ടായിരിക്കണം.

| | |
|---|---|
| സ്ഥല സൗകര്യം | - കുറഞ്ഞത് 1.2 ഹെക്ടർ |
| കെട്ടിട സൗകര്യം | - കെ.ഇ.ആർ വ്യവസ്ഥകൾ പ്രകാരം |
| ക്ലാസ് റൂം സൗകര്യം | - ഒരുബാച്ചിന് 9X6X3.70 മീറ്റർ<br>ഭാഷാ വിഭാഗത്തിന് 6X6X 3.70 മീറ്റർ |
| ലബോറട്ടറി സൗകര്യം | - ഓരോ സയൻസ് വിഷയത്തിനും 12X6X3.70 മീറ്റർ വീതം. കൂടാതെ നിശ്ചിത ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കണം. |

10. സർക്കാർ മേഖലയിലുള്ള അപേക്ഷകസ്കൂളിന് മുകളിൽ പറഞ്ഞ ഭൗതിക സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

(4) അപേക്ഷകളുടെ അർഹത നിർണ്ണയിക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

1. അപേക്ഷക സ്കൂൾ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഹൈസ്കൂളുകളുടെ എണ്ണം.
2. [redacted] ഹൈസ്കൂളുകളിൽ നിന്ന് 2013 [redacted] എസ്.എസ്.എൽ.സി പരീക്ഷ എഴുതി ഉന്നത പഠനത്തിന് അർഹരായ കുട്ടികളുടെ എണ്ണം.
3. അഞ്ച് കി.മീ. ചുറ്റളവിലുള്ള ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളുടെ എണ്ണം.
4. പ്രസ്തുത ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ നിലവിലുള്ള സീറ്റുകളുടെ എണ്ണം.
5. അഞ്ച് കി.മീ. ചുറ്റളവിലുള്ള ഹയർസെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി ഇല്ലാത്ത ഹൈസ്കൂളുകളുടെ എണ്ണം. പ്രസ്തുത ഹൈസ്കൂളുകളിൽ നിന്ന് 2013 മാർച്ചിൽ എസ്. എസ്.എൽ.സി പരീക്ഷ എഴുതി ഉന്നത പഠനത്തിന് അർഹരായ കുട്ടികളുടെ എണ്ണം.
6. സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസ പരമായും അപേക്ഷക സ്ഥാപനം നിലനിൽക്കുന്ന പ്രദേശത്തിന്റെ അവസ്ഥ, ഇതിലേക്ക് പ്രദേശത്തിന്റെ അപ്രാപ്യത, അടുത്ത ഹയർസെക്കന്ററി സ്കൂളുകളിലേക്കുള്ള ദൂരം, ഗതാഗത സൗകര്യങ്ങൾ, പ്രദേശത്തെ അടിസ്ഥാന

സൗകര്യങ്ങൾ, പ്രദേശത്തെ ദുർബല വിഭാഗങ്ങളുടെ സാന്നിധ്യത്തിന്റെ തോത് തുടങ്ങിയവ പരിഗണിക്കാവുന്നതാണ്.

7. അപേക്ഷകഹൈസ്കൂളിൽ നിലവിലുള്ള ക്ളാസ്സുകളുടെയും വിദ്യാർത്ഥികളുടെയും എണ്ണം.
8. അപേക്ഷകസ്കൂളിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ അക്കാദമികമായ നേട്ടങ്ങൾ.
9. പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിന്റെ ആവശ്യകത.

(5) അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിന് 26/06/2013-വരെ സമയം അനുവദിക്കാവുന്നതാണ്. ലഭിച്ച അപേക്ഷകൾ മുഴുവൻ വിശദമായി പരിശോധിച്ച് ഓരോ അപേക്ഷയും അപഗ്രഥിച്ച് സംഗ്രഹിച്ച് വ്യക്തമായ ശുപാർശസഹിതം 05/07/2013-ന് മുൻപായി സർക്കാരിന് സമർപ്പിക്കേണ്ടതാണെന്നും ഇതോടൊപ്പം നിർദ്ദേശിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),

**ഡോ. കെ. ഇളങ്കോവൻ,**

**ഗവൺമെന്റ് സെക്രട്ടറി.**

[redacted]

[redacted]സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (കോഴിക്കോട്/എറണാകുളം/തിരുവനന്തപുരം)

തദ്ദേശ സ്വയം ഭരണ വകുപ്പ്.

പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം..3696.....തീയതി05.06.2013.)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്(വ്യാപക ഡയറക്ടർ, പ്രചാരത്തിനായി)

പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്.

ഇൻഫർമേഷൻ ആഫീസർ, വെബ്& ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ആഫീസർ